**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5284 02.07.2013 ലെ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ട് വഴിയുള്ള ചികിത്സാ ധനസഹായം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. റ്റി. വി. രാജേഷ്** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് സഹായത്തിനായി അപേക്ഷിച്ച രോഗി മരിച്ചുപോയാൽ ചികിൽസാ ചെലവ് കുടുംബത്തിന് നൽകുമോ ; വ്യക്തമാക്കുമോ ? | ചികിത്സാ ധനസഹായം അനുവദിച്ച ശേഷം രോഗി മരണപ്പെടുന്ന കേസ്സുകളിൽ ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച തീയതി മുതൽ രോഗി മരിച്ച തീയതി വരെയുള്ള കാലയളവിലെ ചികിത്സാ ചെലവ് അവകാശികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും റീഫണ്ടായി നൽകുന്നതാണ്. ഇതിനായി റീഫണ്ടിനായിട്ടുള്ള അപേക്ഷ, ചികിത്സ നടത്തിയ ആശുപത്രിയിലെ സർട്ടിഫിക്കറ്റ്, ബില്ലുകൾ എന്നിവയോടൊപ്പം മരണ സർട്ടിഫിക്കറ്റ്, തഹസിൽദാരിൽ നിന്നുള്ള അവകാശ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അഡ്മിനിസ്ട്രേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. അർഹമായ ധനസഹായതുക അവകാശിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ